Draft #5 of File 51432/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Nov-2020 03:52 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - M.Sc. Home Science (Branch C) - Food Science & Nutrition പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ ബി.വോക് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി, കെമിസ്ട്രയിൽ ഉള്ള ബിരുദം എന്നിവ കൂടി ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5358/AC B 7/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2020

---

*പരാമർശം:*-1) സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ 21/12/2019-ലെ STCAU/1119/2019 നമ്പർ കത്ത്.
2) 13/03/2020-ലെ 1549/ACB 7/2020/എം.ജി.യു നമ്പർ ഉത്തരവ്
3) 20/10/2020-ലെ STCAU/546/2020 നമ്പർ കത്ത്

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിലെ **M.Sc. Home Science (Branch A) - Child Development, M.Sc. Home Science (Branch B) - Resource Management & Interior Designing, M.Sc. Home Science (Branch C) - Food Science & Nutrition** എന്നീ പ്രോഗ്രാമുകളുടെ പ്രവേശന യോഗ്യതകൾ പരിഷ്കരിക്കുന്നതിനു പരാമർശം-1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ സർവ്വകലാശാലയുടെ ഹോം സയൻസ് എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ യോഗ്യതകൾ പുനർനിശ്ചയിച്ചുകൊണ്ട് പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബി.വോക് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി, കെമിസ്ട്രയിൽ ഉള്ള ബിരുദം എന്നി യോഗ്യതകൾ കൂടി M.Sc. Home Science (Branch C) - Food Science & Nutrition എന്ന പ്രോഗ്രാമിന്റെ അടിസ്ഥാന യോഗ്യതയിൽ ഉൾപ്പെടുത്തുവാൻ അനുവാദം ലഭിക്കുന്നതിനായി പരാമർശം-3 കത്ത് മുഖേന ടി കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം പ്രസ്തുത വിഷയത്തിൽ പി.ജി. ഹോം സയൻസ് എക്സ്പെർട് കമ്മിറ്റി ചെയർപേഴ്സന്റെ അഭിപ്രായം തേടുകയുണ്ടായി.

സെന്റ്.തെരേസാസ് കോളേജിലെ M.Sc. Home Science (Branch C) - Food Science & Nutrition എന്ന പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ ബി.വോക് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി, കെമിസ്ട്രയിൽ ഉള്ള ബിരുദം എന്നിവ കൂടി ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകാവുന്നതാണ് എന്ന് പി.ജി. ഹോം സയൻസ് എക്സ്പെർട് കമ്മിറ്റി ചെയർപേഴ്സൺ ശിപാർശ ചെയ്തു. സർവ്വകലാശാല പി.ജി. ഹോം സയൻസ് എക്സ്പെർട് കമ്മിറ്റി ചെയർപേഴ്സൺ നൽകിയ ശിപാർശ ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. എ.സി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 51432/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Nov-2020 03:52 PM - Page 2